# പതിനാലാം കേരള നിയമസഭ
## (അഞ്ചാം സമ്മേളനം)

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:2145 05.05.2017-ൽ മറുപടിയ്ക്ക്**

**ശാന്തിവനം-വലിയ പെരുമ്പുഴ റോഡ് പണി**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കെ. കെ. രാമചന്ദ്രൻ നായർ | ശ്രീമതി. മേഴ്സിക്കുട്ടിഅമ്മ (മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ് മന്ത്രി): |
| എ) ചെങ്ങന്നൂർ നിയോജക മണ്ഡലത്തിൽ ചെന്നിത്തല ഗ്രാമപഞ്ചായത്തിലുള്ള ശാന്തീവനം-വലിയ പെരുമ്പുഴ റോഡ് ടെൻഡർ കഴിഞ്ഞ് കരാർ ഏറ്റെടുത്തിട്ടും പണി ആരംഭിയ്ക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ; | എ) യും ബി) യും സി) യും ചെങ്ങന്നൂർ നിയോജകമണ്ഡലത്തിൽ ചെന്നിത്തല ഗ്രാമപഞ്ചായത്തിലുള്ള ശാന്തിവനം- വലിയ പെരുമ്പുഴ റോഡും, കോയിപ്പുറത്തുപടി വലിയ പെരുമ്പുഴക്കടവ് റോഡും ഒന്നു തന്നെയാണ്. ഫിഷറീസ് റോഡുകളുടെ സർക്കാർ അംഗീകൃത ലിസ്റ്റിൽ ടി റോഡ് കോടിപ്പുറത്തുപടി വലിയപെരുമ്പുഴക്കടവ് റോഡ് എന്ന പേരിലാണ് ഉൾപ്പെടുത്തിയിരിക്കുന്നത്.<br><br>ടി പ്രവൃത്തി ടെണ്ടർ ചെയ്തെങ്കിലും, പ്രവൃത്തികളുടെ ദർഘാസിൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയ്ക്ക് 10% Price Preference നൽകുന്നതിനുള്ള സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ടി റോഡ് പ്രവൃത്തിയ്ക്ക് ഭരണിക്കാവ് ലേബർ കോ-ഓപ്പറേറ്റീവ് സൊസൈറ്റിയുടെ ദർഘാസാണ് പരിഗണനയിലുള്ളത്. കോ-ഓപ്പറേറ്റീവ് സൊസൈറ്റിയുടെ ദർഘാസിന് സമ്മതം നൽകുന്ന കാര്യം സർക്കാർ പരിശോധിച്ച് ദർഘാസിന് അംഗീകാരം നൽകി പ്രവൃത്തി കരാറിൽ ഏർപ്പെടാവുന്നതാണ്. കരാറിൽ ഏർപ്പെട്ടശേഷം 9 മാസം കൊണ്ട് ടി പ്രവൃത്തി പൂർത്തീകരിക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്. |
| ബി) മഴക്കാലത്തിനു മുൻപ് ഈ റോഡിന്റെ പണി പൂർത്തീകരിക്കുവാൻ എന്തെല്ലാം നടപടികളാണ് ഇനി ശേഷിക്കുന്നതെന്ന് വിശദീകരിക്കുമോ; | |
| സി) ഈ റോഡിന്റെ പണി പൂർത്തീകരിക്കുവാൻ വേഗത്തിൽ നടപടികൾ സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ? | |

സെക്ഷൻ ആഫീസർ